പതിമൂന്നാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2417 — 19.03.2015-ൽ മറുപടിയ്ക്ക്

## ശ്രീമതി പത്മാവതിക്ക് ഫാമിലി പെൻഷൻ

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | സർവ്വീസിലിരിക്കെ മരിച്ച ആരോഗ്യ വകുപ്പ് ജീവനക്കാരന്റെ മകളും വിധവയും മക്കളില്ലാത്തതുമായ ശ്രീമതി. പത്മാവതി വി. പി., നാടാലി വീട്, കൊരട്ടി ഈസ്റ്റ് പി. ഒ എന്നയാൾ ഫാമിലി പെൻഷൻ കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷ, ടിയാൾക്ക് ശാരീരിക അവശതയില്ല എന്ന കാരണത്താൽ നിഷേധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ & ബി | നിഷേധിച്ചിട്ടില്ല. നിരവധി തവണ കത്ത് അയച്ചിട്ടും ശ്രീമതി വി.പി പത്മാവതി അവശത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. മെഡിക്കൽ ബോർഡിന്റെ അവശത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ കുടുംബപെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ബി | ശ്രീമതി പത്മാവതിക്ക് ഫാമിലി പെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ